"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനാവശ്യത്തിനുവേണ്ടി തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/DMD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:- 1. സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024

2. സഉ(കൈ) നം.5/2024/WCDD തീയതി 05/10/2024

**ഉത്തരവ്**

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 1 4 കുട്ടികൾക്കും പഠനാവശ്യത്തിനുവേണ്ടി മാത്രം 1 0 ലക്ഷം രൂപ വീതം 1 8 വയസ്സുവരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു. വനിത- ശിശു വികസന വകുപ്പിൽ നിന്നും പരാമർശം(2) ഉത്തരവ് പ്രകാരം അനുവദിച്ച ധനസഹായത്തിന് പുറമെയാണ് ഈ ധനസഹായം അനുവദിക്കേണ്ടത്.

പ്രസ്തുത തുക ജില്ലാകളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാകളക്ടറിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുഭരണ(എസ് സി) വകുപ്പ്
വനിത ശിശുവികസന വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ(ഡിആർഎഫ് -സി) വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 20-03-2025 12:17:25
സെക്ഷൻ ഓഫീസർ

94102011/2025/DMD(A)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. ഡിഎം.എ2/299/2024/ഡി.എം.ഡി. ഇനം നം: 2790

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനാവശ്യത്തിനു വേണ്ടി ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാർദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2790

941017/2025/DMD (A)

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/299/2024-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനാവശ്യത്തിനുവേണ്ടി ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/02/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 03.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.03.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/03/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15/03/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പഠനാവശ്യത്തിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. മേപ്പാടി ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പുനരധിവാസത്തിനായി അടിയന്തിര ധനസഹായം ഉറപ്പാക്കുന്നതിനായി ബാലനീതി മാതൃകാ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ മജിസ്ട്രേറ്റിന്റെ മേൽനോട്ടത്തിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ച് അർഹരായ കുട്ടികൾക്ക് ചുവടെ കാണുന്ന വ്യവസ്ഥകൾ പ്രകാരം സ്പോൺസർഷിപ്പുകൾ വിതരണം ചെയ്യുന്നതിന് 13/09/2024 ലെ സഉ(സാധാ)നം.367/2024/ WCDD പ്രകാരം അനുമതി നല്കിയിട്ടുണ്ട്.

i. ഒറ്റത്തവണ ധനസഹായം കുട്ടിയ്ക്ക് 18 വയസ്സിന് ശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതും അതത് മാസങ്ങളിൽ ടി തുകയുടെ പലിശ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകാവുന്നതാണ്.

ii. പ്രതിമാസ സ്പോൺസർഷിപ്പ് കുട്ടിയുടെയും, കുട്ടിയെ പരിചരിക്കാൻ ചൈൽഡ് വെൽഫയർ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ അതാത് മാസം നിക്ഷേപിക്കാവുന്നതാണ്.

iii. കുട്ടിയുടെ പഠനത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി വരുന്ന തുക നൽകാൻ തയ്യാറായി വരുന്ന സ്പോൺസർമാർക്ക്, സ്പോൺസർഷിപ്പ് & ഫോസ്റ്റർ കെയർ കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകാവുന്നതുമാണ്.

3. മേൽ ഉത്തരവ് പ്രകാരം ഇത്തരത്തിൽ സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സ്പോൺസർഷിപ്പിന്റെ പൂർണ്ണമായ മേൽനോട്ടം ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സ്പോൺസർഷിപ്പ് & ഫോസ്റ്റർ കെയർ കമ്മിറ്റിയ്ക്കായിരിക്കും.

4. മേപ്പാടി ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട മൈനറായിട്ടുള്ള അവകാശികൾക്ക് മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാരിൽ നിന്നുള്ള ധനസഹായം അനുവദിക്കാമോ എന്നതിൽ വയനാട് ജില്ലാകളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം പരിഗണിച്ചപ്പോൾ മന്ത്രിസഭ തീരുമാനിച്ചതിനു പുറമെ ഈ വിഭാഗത്തിൽ അർഹരായവരുണ്ടോ എന്നത് റിപ്പോർട്ട് ചെയ്യുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. മേപ്പാടി ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികളും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികളും ഉണ്ടെന്ന് വയനാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നത് ഒറ്റത്തവണയായിട്ടാണ്. ഇവർക്ക് അർഹതപ്പെട്ട സർക്കാർ ധനസഹായം (SDRF+CMDRF+PMNRF) കുട്ടിയ്ക്ക് 18 വയസ്സിന് ശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതും അതത് മാസങ്ങളിൽ ടി തുകയുടെ പലിശ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും വയനാട് ജില്ലാകളക്ടർക്ക് അനുമതി നൽകാവുന്നതാണോ എന്നതിലും, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സർക്കാർ തലത്തിൽ പ്രത്യേകമായി എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കേണ്ടതുണ്ടെങ്കിൽ ആയത് പരിഗണിക്കാവുന്നതാണോ എന്നതിന്മേലും ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനുവേണ്ടി മാത്രം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം 18

വയസ്സുവരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ അനുവദിക്കുന്നകാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

6. ഈ വിഷയം 19/02/2025 ലെ മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും നേരത്തെ വനിത-ശിശു വികസന വകുപ്പ് അനുവദിച്ച തുകയ്ക്ക് പുറമേയാണോ കുറിപ്പിൽ നിർദ്ദശിച്ചിരിക്കുന്ന തുക അനുവദിക്കേണ്ടതെന്ന കാര്യം പരിശോധിച്ച് അക്കാര്യം ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ അടുത്ത മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു.

7. 03.10.2024 - ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം. 2430 - ന്റെ അടിസ്ഥാനത്തിൽ 05.10.2024 - ന് പുറപ്പെടുവിച്ച സ.ഉ(കൈ) നം. 5/2024/വ.ശി.വി.വ പ്രകാരം വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ഇരു മാതാപിതാക്കളും നഷ്ടപ്പെട്ട 6 കുട്ടികൾക്ക് പത്ത് ലക്ഷം രൂപ വീതവും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട 8 കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതവും ഒറ്റത്തവണ സഹായമായി വനിത ശിശുവികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

8. വനിത-ശിശു വികസന വകുപ്പ് അനുവദിച്ച തുകയ്ക്ക് പുറമെ വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനുവേണ്ടി മാത്രം 10 ലക്ഷം രൂപ വീതം 18 വയസ്സുവരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. വനിത-ശിശു വികസന വകുപ്പ് അനുവദിച്ച ധനസഹായത്തിന് പുറമെ വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും, മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും

പഠനാവശ്യത്തിനുവേണ്ടി മാത്രം 10 ലക്ഷം രൂപ വീതം 18 വയസ്സുവരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണോ ?

2. പ്രസ്തുത തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്താമോ ?